<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഭരണഘടനയുടെ 177-ാം അനുച്ഛേദ പ്രകാരം അഡ്വക്കേറ്റ് ജനറലിനെ സഭയിൽ വിളിച്ചുവരുത്തി ഇന്നു നട ക്കുന്ന മുല്ലപ്പെരിയാർ വിഷയം സംബന്ധിച്ച ചർച്ചയിൽ ചർച്ചയുടെ നിയമപ്രശ്നങ്ങളെക്കുറിച്ച് സഭയ്ക്ക് വിശദീകരണം നൽകാൻ നട പടി സ്വീകരിക്കണമെന്നാണ് അങ്ങ് ഇവിടെ ഉന്നയിച്ച പ്രധാന പ്രശ്നം. ഭരണഘടനയുടെ അനുച്ഛേദം 177 പ്രകാരം അഡ്വക്കേറ്റ് ജനറലിന് സഭ യിൽ പങ്കെടുത്ത് സംസാരിക്കുന്നതിന് അവകാശമുണ്ട്. അദ്ദേഹത്തെ സഭയിലേയ്ക്ക് വിളിച്ചുവരുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേ ണ്ടത് സഭയാണെന്ന് കൗൾ ആന്റ് ശക്ധറിൽ സൂചിപ്പിച്ചിട്ടുണ്ട്. ‘Members may give advance notice of the questions which they wish to ask to Advocate General and the same may be forwarded to him and the concerned Minister’ (Kaul and Sakdher Page No. 161). എന്നുപറഞ്ഞാൻ അത് സഭ തീരുമാനിക്കണം. സഭയ്ക്കുമാത്രമേ അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്താനുള്ള തിരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെ വിളിച്ചുവരുത്താൻ തിരുമാനിച്ചാൽതന്നെ ചോദിക്കുന്ന ചോദ്യത്തെ സംബന്ധിച്ചുള്ള അഡ്വാൻസ് നോട്ടീസ് അഡ ്വക്കേറ്റ് ജനറലിനും ബന്ധപ്പെട്ട വകുപ്പുമന്ത്രിക്കും കൊടുക്കണം. ശ്രീ. എ. കെ. ബാലൻ ഇതുസംബന്ധിച്ച നോട്ടീസ് ഇന്ന് രാവിലെയാണ് ചെയറിന് നൽകിയത്. മുല്ലപ്പെരിയാർ സംബന്ധിച്ച ചർച്ചയ്ക്ക് ഇന്നൊരു ദിവസം മാത്രമാണ് അനുവദിച്ചിട്ടുള്ളത്. നിയമസഭാ സമ്മേ

ളനം കൂടുന്നതിനുമുമ്പ് കൂടിയ കക്ഷിനേതാക്കൻമാരുടെ മീറ്റിംഗിലാണ് ഇത് തീരുമാനിച്ചത്. ആയതിനാൽ ഇക്കാര്യം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്തുവാൻ സമയപരിമിതി അനുവദിക്കുന്നില്ല . ആയതിനാൽ ശ്രീ. എ. കെ. ബാലന്റെ ക്രമപ്രശ്നം തള്ളുന്നു.

സഭ തീരുമാനിച്ച് അഡ്വക്കേറ്റ് ജനറലിനെ കൊടുക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇത് അവതരിപ്പിച്ച് തുടങ്ങുന്നതിന് മുമ്പ് ഒരു കാര്യം ചെയർ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച 2014 മേയ് 7-ാം തീയതിയിലെ സുപ്രീം കോടതി വിധിമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് 130-ാം ചട്ടപ്രകാരം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നോട്ടീസ് നൽകിയിട്ടുള്ള ഉപക്ഷേപമാണ് സഭ ഇന്ന് ചർച്ച ചെയ്യുന്നത്. സുപ്രീംകോടതിയിലേയോ ഒരു ഹൈക്കോടതിയിലേയോ ഏതെങ്കിലും ജഡ്ജിയുടെ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിലുള്ള അദ്ദേഹത്തിന്റെ പെരുമാറ്റത്തെപ്പറ്റി നിയമസഭ ചർച്ച ചെയ്യുന്നത് ഭരണഘടനയുടെ 211-ാം അനുച്ഛേദപ്രകാരം വിലക്കിയിട്ടുണ്ട്. ചർച്ചയിൽ പങ്കെടുക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും നമ്മുടെ അയൽ സംസ്ഥാനത്തെക്കൂടി ബാധിക്കുന്ന കാര്യമായതിനാൽ പ്രസംഗത്തിൽ സംയമനം പാലിക്കണമെന്നും ചെയർ അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്തെ ബാധിക്കുന്ന ഒരു ഗുരുതരമായ പ്രശ്നമെന്ന നിലയിൽ മുല്ലപ്പെരിയാർ വിഷയം ഇതിനുമുമ്പ് 1993

മാർച്ച് 21, 2001 ഡിസംബർ 7, 2009 ജൂലൈ 24, 2011 ഡിസംബർ 9 എന്നീ തീയതികളിൽ 130-ാം ചട്ടപ്രകാരം തന്നെ ചർച്ച ചെയ്തിട്ടുണ്ട്. ഇന്നത്തെ ചർച്ചയ്ക്ക് സഹായകമായ വിധത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ലൈബ്രറി വിഭാഗം മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച ലീഗൽ ആന്റ് കോൺസ്റ്റിറ്റ്യൂഷണൽ ഡൈജസ്റ്റിന്റെ ഒരു പ്രത്യേക പതിപ്പുതന്നെ പുറത്തിറക്കിയിട്ടുണ്ട്. ഇതിന്റെ കോപ്പി ഇതിനകംതന്നെ എല്ലാ അംഗങ്ങൾക്കും നൽകിയിട്ടുണ്ട്. ഈ പ്രത്യേക പതിപ്പ് സമയബന്ധിതമായി പുറത്തിറക്കിയ നിയമസഭാ ലൈബ്രറിയിലെ ഇതുമായി ബന്ധപ്പെട്ട എല്ലാ ജീവനക്കാരെയും ചെയർ പ്രത്യേകം അഭിനന്ദിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഇത് മുഴുവൻ നിയമമാണ്. നിയമങ്ങൾ പരിശോധിച്ച് പറഞ്ഞതാണ്. അഡ്വക്കേറ്റ് ജനറലിനെപ്പോലെയൊരാൾ ഇവിടെ വേണം. എങ്കിൽ മാത്രമേ ചർച്ച ഫലപ്രദമാവൂ എന്നു പറഞ്ഞത് അതുകൊണ്ടാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിനാണ് ഇവിടെ ചെയർ മറുപടി പറഞ്ഞത്. അങ്ങനെയാണെങ്കിൽ നമുക്കിന്ന് ചർച്ച ചെയ്യാൻ പറ്റില്ല. അങ്ങും കൂടിയിരുന്നാണ് ഇന്ന് ചർച്ചചെയ്യാൻ തീരുമാനിച്ചത്.................. (ബഹളം) ............

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇങ്ങനെയൊരു ചർച്ച വേണമെന്ന് നമ്മൾ തീരുമാനമെടുത്ത സമയത്ത് അങ്ങും ഉണ്ടായിരുന്നു. അപ്പോൾ ഇങ്ങനെയൊരു ആവശ്യം ആരും ഉന്നയിച്ചില്ല. ഇന്ന് നട

ക്കുന്ന ചർച്ചയ്ക്ക് രാവിലെ നോട്ടീസ് തന്നാൽ അഡ്വക്കേറ്റ് ജനറലിനെ കൊണ്ടുവരാൻ സാധിക്കുകയില്ല. അത് വേണമെങ്കിൽ നമ്മൾ കൂട്ടായി തീരുമാനിക്കണമായിരുന്നു. അങ്ങനെയൊരാവശ്യം ആ യോഗത്തിലു ണ്ടായിരുന്ന അങ്ങ് പോലും പറഞ്ഞില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്...... ഇങ്ങനെ ചർച്ച ചെയ്യാൻ പറ്റില്ല.

ശ്രീ. സി. കെ. നാണു: സർ, നിയമപരമായ വശങ്ങൾ അറിയണമെങ്കിൽ അഡ്വക്കേറ്റ് ജനറൽ വരണം. ഇത് പ്രതിപക്ഷത്തിന്റെ ആവശ്യം മാത്രമല്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റി ചേരുമ്പോൾ അത് ചർച്ച ചെയ്തില്ല എന്നു പറയുന്നത് ശരിയല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിനല്ലേ ചർച്ചയ്ക്ക് വന്നിരിക്കുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വളരെ വ്യക്തമായി അങ്ങ് ഇവിടെ റൂൾ ചെയ്തുകഴിഞ്ഞു. അതിൽ പറഞ്ഞു സഭ തീരുമാനിക്കണമെന്ന്. ഇന്നാണ് സഭ ചേരുന്നത്. ഇന്ന് എടുക്കണ മെന്ന് തീരുമാനിച്ചാൽ അഡ്വക്കേറ്റ് ജനറലിനെ വിളിക്കേണ്ട എന്നാണ് എല്ലാവരുടേയും അഭിപ്രായമെന്നാണ് അതിന്റെ അർത്ഥം. അതല്ലെങ്കിൽ സഭ ഇന്ന് തീരുമാനിക്കണം. ഇന്നേ സഭ ചേരുന്നുള്ളൂ. ഇന്ന് തീരുമാനി ച്ചാൽ ഇന്ന് ഇത് ചർച്ചയ്ക്ക് എടുക്കാൻ പറ്റില്ല. അതിന് അഡ്വക്കേറ്റ് ജന റലിന് നോട്ടീസ് കൊടുക്കണം. ആവശ്യപ്പെടുന്ന ക്വസ്റ്റ്യൻസ് കൊടുക്ക ണം. അതിന്റെ കോപ്പി ബന്ധപ്പെട്ട മന്ത്രിക്ക് കൊടുക്കണം. അതി

നൊക്കെ സമയം വേണം. അപ്പോൾ അവർക്കാർക്കും അതൊന്നും ആവശ്യമില്ല എന്നതിന്റെ തെളിവാണ് അന്നത് ഉന്നയിക്കാതിരുന്നത്. ഇന്ന് വേണമെന്നു പറഞ്ഞാൽ അത് നടക്കില്ല. ഇത് എല്ലാവരുംകൂടി തീരുമാനിച്ചതാണ്. പിന്നെ ഇന്ന് വേണമെന്നുപറഞ്ഞാൽ ....(ബഹളം).... പ്രതിപക്ഷത്തിന്റേതല്ല ഭരണപക്ഷത്തിന്റെതാണെങ്കിലും അഡ്വക്കേറ്റ് ജനറലിനെ വിളിക്കണമെങ്കിൽ സഭ തീരുമാനിക്കണം. സഭ ഇന്നേ ചേരു ന്നുള്ളൂ. അപ്പോൾ ഇന്ന് എടുക്കാൻ പറ്റില്ല. അത് ആരും ഉന്നയിച്ചിട്ടില്ല. അതിന്റെ അർത്ഥം അഡ്വക്കേറ്റ് ജനറൽ എന്നൊരാളില്ലാതെതന്നെ ഇതു നടത്താമെന്ന് പ്രതിപക്ഷവും ഭരണകക്ഷിയും സമ്മതിച്ചു എന്നാണ്. .....(ബഹളം)......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എ. കെ. ബാലൻ വെറുതേ സഭയുടെ സമയം കളയരുത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, മുല്ലപ്പെരിയാർ സംബന്ധിച്ച് ആദ്യമായി നടത്തുന്ന ചർച്ചയല്ലിത്. എത്രയോ പ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ട്. എന്തുകൊണ്ട് നേരത്തേ ഉന്നയിച്ചില്ല. കക്ഷിനേതാക്കൻമാരുടെ യോഗം നടന്നപ്പോൾ നിങ്ങൾക്ക് പറയാമായിരുന്നു. വളരെ വ്യക്തമായ റൂളിംഗ് സമയം വന്നുകഴിഞ്ഞു. മുല്ലപ്പെരിയാർ സംബന്ധിച്ച് ചർച്ച വേണ്ടെന്നാണോ നിങ്ങളുടെ അഭിപ്രായം. ........(ബഹളം).....

<u>ശ്രീ. എ. കെ. ബാലൻ</u>: പ്രതിപക്ഷ നേതാവ് ചട്ടം 130 പ്രകാരം അവതരിപ്പിച്ചത് സുപ്രീം കോടതി വിധിയുമായി ബന്ധപ്പെട്ട കാര്യമാണ്.

ആ വിധിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പശ്ചാത്തലമാണ് നിങ്ങൾ ഇവിടെ ഞങ്ങൾക്ക് തന്നിട്ടുള്ളത്. അതുകൊണ്ടാണ് അഡ്വക്കേറ്റ് ജനറൽ ഇവിടെ വരണമെന്ന് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ ബഹുമാനപ്പെട്ട എ.കെ. ബാലൻ, ചെയർ പറയുന്നത് ശ്രദ്ധിക്കണം. നമ്മുടെ പ്രധാനപ്പെട്ട കക്ഷി നേതാക്കന്മാരുടെ ഒരു യോഗത്തിൽ ബഹുമാനപ്പട്ട പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൂടി ഒരുമിച്ചിരുന്നെടുത്ത തീരുമാനമാണ്. അന്ന് ഒരു കക്ഷിയുടെയോ ഒരു പാർട്ടിയുടെയോ നേതാവ് അഡ്വക്കേറ്റ് ജനറലിനെ വിളിക്കണമെന്ന് പറഞ്ഞിട്ടില്ല. അഡ്വക്കേറ്റ് ജനറലിനെ വിളിക്കാനുള്ള അധികാരം ഈ സഭയ്ക്ക് മാത്രമാണ്. മാത്രമല്ല, അഡ്വക്കേറ്റ് ജനറലിനോട് ചോദിക്കാനുള്ള ചോദ്യം അദ്ദേഹത്തിന് അഡ്വാൻസായി കൊടുക്കണം. 4-ാം തീയതി മാത്രമാണ് ഇത്തരത്തിൽ ഒരു ചർച്ച ചെയ്യാൻ തീരുമാനിച്ചത്. അതിനുശേഷം ഇതെല്ലാം തയ്യാറാക്കി പ്രിന്റ് ചെയ്ത് വരണ്ടേ? ഇന്നത്തെ ചർച്ചയ്ക്ക് സഹായകരമായ ഈ ഡോക്യുമെന്റ് വളരെ ചുരുങ്ങിയ സമയം കൊണ്ടാണ് പ്രിന്റ് ചെയ്ത് തന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ശരിയാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇത് സംബന്ധിച്ച് ഇങ്ങനെ മാത്രമേ റൂൾ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നറിയാം. ഇങ്ങനെയൊരു ഗൗരവമായ പ്രശ്നം ചർച്ച ചെയ്യുന്ന അവസര

ത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ സാന്നിധ്യം ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കേണ്ടതായിരുന്നു. ഗവൺമെന്റിന് അതിനൊരു ബാധ്യതയുണ്ട്. ഇത്തരത്തിലുള്ള ഗൗരവതരമായ പ്രശ്നമായതുകൊണ്ട് അഡ്വക്കേറ്റ് ജനറലിന്റെ സാന്നിധ്യം ഇവിടെയുണ്ടാകണം എന്ന് ഗവൺമെന്റായിരുന്നു ഉറപ്പുവരുത്തേണ്ടത്

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഗവൺമെന്റല്ല വിളിക്കേണ്ടത്. നിയമസഭ തന്നെയാണ് അഡ്വക്കേറ്റ് ജനറലിനെ വിളിക്കേണ്ടത്

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> മുഖ്യമന്ത്രിക്ക് അത് ചെയ്യാമായിരുന്നു. അഡ്വക്കേറ്റ് ജനറലിന്റെ ഒരു വിശദീകരണം ഇവിടെ ലഭ്യമാക്കാമായിരുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, മുല്ലപ്പെരിയാർ പ്രശ്നത്തെ സംബന്ധിച്ച് ചർച്ച ചെയ്യണമെന്ന് കക്ഷിനേതാക്കൾ കൂടി ആലോചിച്ചെടുത്ത തീരുമാനമാണ്. ഈ വിധിയെ സംബന്ധിച്ച് ചർച്ച ചെയ്യാനല്ല. ഈ വിധി മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഉണ്ടായ പ്രധാന ഒരു വിധിയാണ്. ആ വിധിയുടെ പകർപ്പുംമറ്റും ഇതുമായി ബന്ധപ്പെട്ടവർക്കെല്ലാം ലഭിച്ചതാണ്. സഭാംഗങ്ങൾക്ക് ചർച്ചയ്ക്ക് സഹായകരമായ ഈ ഡോക്യുമെന്റ്സ് കംപൈൽ ചെയ്ത് നമ്മളെ ഏൽപ്പിച്ചിരിക്കുന്നു എന്നു മാത്രമേയുള്ളൂ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> അതുമാത്രമല്ല, വിധി വന്നിട്ട് ഒരു മാസം കഴിഞ്ഞു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ശ്രീ. എ. കെ. ബാലൻ ഈ രേഖ കിട്ടിയപ്പോൾ മാത്രമാണ് കണ്ടതെന്നും അദ്ദേഹത്തിന് ഇതിനെക്കുറിച്ച് അറിയാൻ പാടില്ലായെന്നും പറയുന്നത് തികച്ചും ബാലിശമാണ്.

ശ്രീ. എ. കെ. ബാലൻ: അഡ്വക്കേറ്റ് ജനറൽ സംസ്ഥാന ഗവൺമെന്റിനുവേണ്ടിയാണ് പറയുന്നത്. എ.ജി. യെ ഇവിടെ കൊണ്ടുവരണമെന്ന് പറയുന്നതിൽ എന്താണ് കുഴപ്പം?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിനെ സംബന്ധിക്കുന്ന ചർച്ച നീട്ടിക്കൊണ്ടുപോകാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട സി.കെ. നാണു, സഹകരിക്കണം. ദയവായി സഭ നടത്തിക്കൊണ്ടുപോകാൻ നിങ്ങൾ സഹകരിക്കണം.

ശ്രീ. സി. കെ നാണു: സർ, ഇത് പ്രതിപക്ഷത്തിന്റെ ആവശ്യം മാത്രമല്ല. നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യം പരിപൂർണ്ണമായി നഷ്ടപ്പെട്ട സുപ്രീം കോടതി വിധിക്കുശേഷം നിയമസഭ ചർച്ച ചെയ്യുമ്പോൾ പ്രതിപക്ഷത്തെക്കാൾ ആവശ്യം ഗവൺമെന്റിനാണ്. ഗവൺമെന്റ് അതിനെ സംബന്ധിച്ച് ആലോചിച്ചില്ല. ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കാനുള്ളത്, കേരളത്തിന്റെ വളരെ ഗൗരവമായ ഒരു പ്രശ്നത്തെ സംബന്ധിച്ച് സുപ്രീം കോടതി വിധിപോലെതന്നെ കേരളത്തിലെ ജനങ്ങൾ ഇത് അറിയണം. കേരളത്തിലെ ജനങ്ങളുടെ മുൻപാകെ ഇത്രയും ഗൗരവതരമായ പ്രശ്നത്തെ സംബന്ധിച്ച് പറയുമ്പോൾ അതിന് ആധികാരികമായി സുപ്രീം കോട

തിയിൽ സംസാരിച്ച അഡ്വക്കേറ്റ് ജനറൽ വേണമെന്ന് പറയുന്നത് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ആവശ്യമാണ്. ഗവൺമെന്റിന് വേണമെങ്കിൽ മതി.

ശ്രീ. പി. സി. ജോർജ്: സർ, ഈ മുല്ലപ്പെരിയാർ പ്രശ്നം പ്രതിപക്ഷത്തിന്റേയോ ഭരണ പക്ഷത്തിന്റേയോ അല്ല, കേരളത്തിലെ 3,31,00,000 ജനങ്ങളുടെ ആവശ്യമാണ്. ആ ഒരു പ്രശ്നം ചർച്ച ചെയ്യാൻവേണ്ടി മോഷൻ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ക്ഷണിച്ചുകഴിഞ്ഞപ്പോഴാണ് ക്രമപ്രശ്നം വന്നത്. ആ ക്രമപ്രശ്നം സംബന്ധിച്ച് വളരെ വ്യക്തമായ രീതിയിൽ ഡെപ്യൂട്ടി സ്പീക്കർ റൂളിംഗ് നൽകി കഴിഞ്ഞു. അതിനുവേണ്ടി വീണ്ടും സമയം കളഞ്ഞുകൊണ്ട് ഈ പ്രശ്നം രാഷ്ട്രീയവൽക്കരിക്കുന്നത് ശരിയല്ല. അഡ്വക്കേറ്റ് ജനറൽ ഇല്ലായെന്നതുകൊണ്ട് ഇവിടെയൊരു അപകടവും സംഭവിക്കാനില്ല. മുല്ലപ്പെരിയാർ വിഷയം ചർച്ചചെയ്യാൻ ഒരു അഡ്വക്കേറ്റ് ജനറലിന്റെയും ആവശ്യമില്ല. ഈ നിയമസഭയിലെ മുഴുവൻ അംഗങ്ങൾക്കും വിവരമുള്ളതാണ്, അത് ചർച്ച ചെയ്യാവുന്നതാണ്. ഈ സഭയിൽ നിയമപരമായിത്തന്നെ ആ വിഷയം ചർച്ച ചെയ്യാനാണ് വന്നിരിക്കുന്നത്.